ഹൈക്കോടതി ബഞ്ച് സ്ഥാപിക്കണമെന്ന് അഭ്യർത്ഥിച്ച് 1958-ൽ നിയമസഭ പാസ്സാക്കി കേന്ദ്രസർക്കരിന് അയച്ചിട്ടുണ്ട്. 1971-ലും 1996-ലും ഇതേ ആവശ്യം ഉന്നയിച്ച് കേന്ദ്രത്തിന് കത്തയച്ചിട്ടുണ്ട്. ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതു സംബന്ധിച്ച് ഒരു കത്ത് കേന്ദ്ര നിയമമന്ത്രിയിൽ നിന്നും ഇപ്പോൾ സർക്കാരിനു ലഭിച്ചു. കത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതുപോലെ തിരുവന്തപുരത്ത് ബഞ്ച് സ്ഥാപിക്കുന്നതു സംബന്ധിച്ച് ഹൈക്കോടതി ചീഫ് ജസ്റ്റീസിന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ട് ഗവൺമെന്റ് കത്തയച്ചിട്ടുണ്ട്. ഹൈക്കോടതി ചീഫ് ജസ്റ്റീസിന്റെ അഭിപ്രായം ലഭിച്ചാലുടൻ കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണെന്ന് കേന്ദ്ര നിയമമന്ത്രിക്ക് ഇടക്കാല മറുപടിയും നൽകിയിട്ടുണ്ട്. തിരുവനന്തപുരത്ത് ബഞ്ച് സ്ഥാപിക്കേണ്ടതാണെന്ന് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ഇതിനകം വ്യക്തമാക്കി. ഹൈക്കോടതിയും കേന്ദ്രഗവൺമെന്റുമാണ് ഇക്കാര്യത്തിൽ അന്തിമതീരുമാനം എടുക്കേണ്ടത്. നമുക്കതിൽ യാതൊരു കൈയുമില്ല.

ശ്രീ. ആന്റണി രാജു : സർ, ജസ്വന്ത് സിംഗ് കമ്മീഷൻ റിപ്പോർട്ടിലെ മാനദണ്ഡങ്ങൾ അനുസരിച്ച് തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കാൻ അനുയോജ്യമാണെന്ന് ഗവൺമെന്റിന് ബോധ്യപ്പെട്ടതുകൊണ്ടു തന്നെയാണല്ലോ സംസ്ഥാന ചീഫ് ജസ്റ്റിസിനോട് അഭിപ്രായം ആരാഞ്ഞത്?

ശ്രീ. ഇ.കെ. നായനാർ : അതെ, അവരുടെ അഭിപ്രായം അറിയണം. അവരുടെ അഭിപ്രായം അറിയാതെ നമുക്കെന്താണ് ചെയ്യാൻ കഴിയുക?

III. സബ്മിഷൻ

{അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ}

(1) മേൽത്തട്ട് വ്യവസ്ഥകൾ സംബന്ധിച്ചുള്ള സുപ്രീംകോടതി വിധി

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി : സർ, പിന്നോക്ക ജനവിഭാഗങ്ങളുടെ സംവരണം സംബന്ധിച്ച് ഏറ്റവും ലേറ്റസ്റ്റായി ഇവിടെ ഉണ്ടായിട്ടുള്ള സുപ്രീം കോടതിയുടെ വിധി പിന്നോക്ക ജനവിഭാഗങ്ങളെ വളരെയധികം അങ്കലാപ്പിലാക്കുന്ന ഒരു വിഷയമായി വന്നിരിക്കുകയാണ്. ഈ സുപ്രീംകോടതി വിധികൊണ്ട് ഇതുവരെ കേരളത്തിലുണ്ടായിരുന്ന സംവരണവ്യവസ്ഥ അപ്പാടെ തകിടം മറിഞ്ഞുപോകുന്ന ഒരു സ്ഥിതിയുണ്ട്. ഈ വിധിയനുസരിച്ച് സത്യത്തിൽ കേരളത്തിലെ ഒരു രാഷ്ട്രീയ പാർട്ടിയും എടുത്തിരിക്കുന്ന നിലപാടനുസരിച്ച് സംവരണം ഇനി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയില്ല. നിലവിലുള്ള സംവരണം അതേപടി പോകണമെന്ന അഭിപ്രായമുള്ളവർ അപ്പുറത്തുമുണ്ട്, അതേസമയം തന്നെ സാമ്പത്തിക പരിഗണന വേണമെന്നുപറയുന്നവർ ഒരുപക്ഷേ ഇപ്പുറത്തുമുണ്ടാകാം. പക്ഷേ ഇവിടെ വന്നിരിക്കുന്ന വിഷയം ഇപ്പോൾ വന്നിരിക്കുന്ന സുപ്രീംകോടതി വിധിയനുസരിച്ച് നിലവിലുള്ള സംവരണം, അത് സാമ്പത്തിക പരിഗണന ഏർപ്പെടുത്തുകയാണെങ്കിൽപ്പോലും അതേ കമ്മ്യൂണിറ്റിക്കുതന്നെ, അതേ പിന്നോക്കക്കാർക്കുതന്നെ ലഭിക്കണമെന്നുള്ള സി.പി.എം. ഉൾപ്പെടെയുള്ള ചില രാഷ്ട്രീയ പാർട്ടികളുടെ നയംപോലും നടപ്പിലാക്കാൻ സാധിക്കുകയില്ല. ചുരുക്കത്തിൽ ഇതുവരെ തുടർന്നുവന്ന പിന്നോക്കസംവരണമെന്നുള്ള വ്യവസ്ഥിതി ഇക്കഴിഞ്ഞ ദിവസം മുതൽ അവസാനിച്ചിരിക്കുകയാണ്, എന്നുമാത്രമല്ല ഇപ്പോൾ അപ്പോയിന്റുമെന്റ് നടന്നവർക്കുപോലും പിരിച്ചുവിടൽ ഭീഷണി വന്നിരിക്കുകയാണ്. ഇനി അങ്ങോട്ടുള്ള വ്യവസ്ഥ എന്തെന്നുള്ള പ്രശ്നം വളരെ ഗൗരവകരമായി വന്നിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഈ വിഷയത്തിൽ രാഷ്ട്രീയ പാർട്ടികളുടെ പല അഭിപ്രായങ്ങളുമുണ്ട്. അതൊന്നുമല്ല ഇവിടെ പ്രശ്നം,

LIBRARY ARCHIVES Kerala Legislative Assembly

ഇവിടുത്തെ പിന്നോക്ക ജനവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ഇതു പര്യന്തം അവർ അനുവർത്തിച്ചിരുന്ന ഉദ്യോഗ സംവരണമെന്നുള്ളത് ഭീഷണിയിലായിരിക്കുകയാണ് എന്നുള്ള ഏറ്റവും ഗൗരവകരമായ പ്രശ്നം ഈ കോടതിവിധിമൂലം സംസ്ഥാനത്ത് സംജാതമായിരിക്കുകയാണ്. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിന് അഖിലേന്ത്യാ സാഹചര്യത്തിൽ നിന്നും വ്യത്യാസമുള്ളതുകൊണ്ടാണ് നിയമനിർമ്മാണത്തിലൂടെ കേരളത്തിലെ സംവരണം സംരക്ഷിക്കാനായി നമ്മൾ നിയമനിർമ്മാണം നടത്തിയത്. അതാണ് ഇപ്പോൾ കോടതിയിൽ struck down ചെയ്തിരിക്കുന്നത്. ആ കേസ് നടത്തിയതു സംബന്ധിച്ച് ഗവൺമെന്റ് വളരെ ഗൗരവകരമായി നോക്കിയില്ല എന്നുള്ള ഒരിഭിപ്രായമുണ്ട്. അതുപോലെ തന്നെ പിന്നോക്കമുന്നണി അതുസംബന്ധിച്ച് അവരുടെ അഭിപ്രായം പറഞ്ഞിട്ടുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈ വിഷയത്തെ സംബന്ധിച്ച് ഗവൺമെന്റ് വളരെ ഗൗരവതരമായി ആലോചിക്കേണ്ടതുണ്ട്. പിന്നോക്ക ജനവിഭാഗങ്ങളെ ബാധിക്കുന്ന ഏറ്റവും ഗൗരവമുള്ള പ്രശ്നം അവരുടെ ഉദ്യോഗ സംവരണം ഈ കോടതിവിധിമൂലം നഷ്ടപ്പെട്ടുപോകുന്ന ഒരു സ്ഥിതി വന്നിരിക്കുകയാണ്. കോടതിവിധി വന്നു, ഇനിയത് നടപ്പിലാക്കിയാൽ മതിയെന്നു ചിന്തിക്കുന്നത് ശരിയല്ല. നമ്മുടെ മുൻപിലുള്ള ഒരു ഓപ്ഷൻ എന്നുപറയുന്നത് ഇതിൽ റവ്യൂ കൊടുക്കാതിരുന്നാൽ, കോടതിയിൽതന്നെ കൊണ്ടുവരാതിരുന്നാൽ പിന്നോക്ക ജനവിഭാഗങ്ങളിൽപ്പെട്ട, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കു കൊടുക്കണമെന്നുപറയുന്നതുപോലും നടപ്പിലാക്കാൻ സാധ്യമല്ല. അപ്പോൾ സംവരണത്തെതന്നെ ആകെ അട്ടിമറിക്കുന്ന ഒരു കോടതിവിധിയാണ് വന്നിരിക്കുന്നത് എന്നുള്ളതുകൊണ്ട് ഇത് വീണ്ടും ടേക്കപ് ചെയ്യാതെ സാധ്യമല്ല, അല്ലെങ്കിൽ അതിന്റെ നടപടി സംസ്ഥാനഗവൺമെന്റ് ആലോചിക്കേണ്ടിവരും. അതുകൊണ്ട് ഗൗരവമുള്ള ഈ പ്രശ്നം ഗൗരവമായിത്തന്നെ ആലോചിച്ച് എല്ലാ രാഷ്ട്രീയ പാർട്ടികളുമായി ചർച്ച ചെയ്ത് ആ തരത്തിൽ ഒരു നയമെടുത്തു പോകുന്നതിനു വേണ്ടി ഗവണ്മെന്റ് തയ്യാറാകണം. അല്ലാതെ കോടതിവിധി വന്നു. ഇനിയത് നടപ്പിലാക്കണമെന്നുള്ള നിലയിൽ ഒരു സമീപനമെടുക്കുന്നത് ശരിയല്ല. അതുകൊണ്ട് ഈ കാര്യത്തിൽ ഗൗരവതരമായ ആലോചന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, 13.12.1999-ൽ ക്രീമിലെയർ കേസിൽ സുപ്രീം കോടതി വിധിയുണ്ടായി. വിധിപ്പകർപ്പ് ഇതുവരെ ലഭിച്ചിട്ടില്ല. ലഭ്യമായ വിവരമനുസരിച്ച് 1995-ലെ കേരള സംസ്ഥാന പിന്നോക്കവിഭാഗങ്ങൾക്ക് സംസ്ഥാന സർവ്വീസുകളിലെ നിയമനങ്ങളോ, തസ്തികകളോ സംവരണം ചെയ്യൽ ആക്ട് ഭരണഘടനാ വിരുദ്ധമാണെന്ന് കണ്ടെത്തി. പ്രസ്തുത ആക്ട് സുപ്രീംകോടതി റദ്ദാക്കി. സംസ്ഥാന ചീഫ് സെക്രട്ടറിക്ക് എതിരായുള്ള കോടതിയലക്ഷ്യ നടപടികൾ വേണ്ടെന്നുവച്ചു. ക്രീമിലെയറിനെ സംബന്ധിച്ചുള്ള ജസ്റ്റിസ് ജോസഫ് കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു വിധിന്യായ തീയതിമുതൽ എല്ലാ സർക്കാർ നിയമനങ്ങളും ക്രീമിലെയറിനെ സംബന്ധിച്ചുള്ള സുപ്രീംകോടതിയുടെ റൂളിംഗിന് അനുസൃതമായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സുപ്രീം കോടതിയുടെ വിധിപ്പകർപ്പു ലഭിച്ചതിനുശേഷം സർക്കാർ മറ്റു കക്ഷികളുമായി ആലോചിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.+

+ ഇതു സംബന്ധിച്ച് 16-12-1999 ന് ബഹു: മുഖ്യമന്ത്രി സഭയിൽ നൽകിയ തിരുത്ത് ദയവായി കാണുക.

LIBRARY ARCHIVES Kerala Legislative Assembly